സ്പോർട്സ് 1/51523/2018/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 21.08.2019.
ഫോൺ: 0471- 2580 534; dpisports@gmail.com.

## പരിപത്രം

വിഷയം : പൊ.വി. - സ്പോർട്സ് & ഗെയിംസ് 2019-20 വർഷത്തെ അത്‌ലറ്റിക് ഫണ്ട് തുക ഓൺലൈനായി അടയ്ക്കുന്നത് - സംബന്ധിച്ച് -

സൂചന :

ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ കുട്ടികളിൽ നിന്നും സ്പെഷ്യൽ ഫീ ഇനത്തിൽ ശേഖരിക്കുന്ന ഫണ്ടിൽ നിന്നുമാണ് സ്കൂൾ തലം മുതൽ ദേശീയ തലം വരെയുള്ള സ്കൂൾ കുട്ടികളുടെ കായിക മത്സരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്നത്. എന്നാൽ 5 മുതൽ 8 വരെ ക്ലാസുകളിലെ കുട്ടികളിൽ നിന്നും യാതൊരുവിധ പിരിവും പാടില്ല എന്ന ബഹു. ബാലാവകാശ കമ്മീഷന്റെ ഉത്തരവ് നിലവിലുണ്ട്. ആയതിനാൽ 5 മുതൽ 8 വരെ ക്ലാസുകളിലെ കുട്ടികളിൽ നിന്നും യാതൊരുവിധ സംഭാവനയും സ്വീകരിക്കുവാൻ പാടില്ല.

2019-20 അദ്ധ്യയന വർഷത്തെ വിവിധ തലങ്ങളിലുള്ള കായിക മത്സരങ്ങൾ യഥാസമയം ആരംഭിക്കുന്നതിനും ആവശ്യമായ അത്‌ലറ്റിക് ഫണ്ട് സ്വരൂപിക്കുന്നതിനുമായി 9, 10 ക്ലാസുകളിലെ കുട്ടികളിൽ നിന്നും **10 രൂപ ക്രമത്തിൽ ഫണ്ട് സ്വരൂപിക്കേണ്ടതാണ്.** ഇത് താഴെ പറയുന്ന പ്രകാരമാണ് വീതിച്ച് നൽകുന്നത്.

| സബ് ജില്ലാ വിഹിതം (എ ഇ ഒ) | ജില്ലാ വിഹിതം (ഡി ഡി ഇ) | സംസ്ഥാന വിഹിതം (ഡി ജി ഇ) |
|---|---|---|
| 1.50 രൂപ | 1.50 രൂപ | 7 രൂപ |

ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ ഓരോ കുട്ടിയിൽ നിന്നും കായികപ്രവർത്തനങ്ങൾ നടത്തുന്നതിനു മാത്രം **സ്പെഷ്യൽ ഫീ ഇനത്തിൽ 50 രൂപ ക്രമത്തിൽ ഫണ്ട് സ്വരൂപിക്കേണ്ടതാണ്.** ഇത് താഴെ പറയുന്ന പ്രകാരമാണ് വീതിച്ച് നൽകുന്നത്.

| സ്കൂൾതല വിഹിതം | സബ് ജില്ലാ വിഹിതം (എ ഇ ഒ യ്ക്ക് നൽകേണ്ടത്) | ജില്ലാ വിഹിതം (ഡി ഡി ഇ യ്ക്ക് നൽകേണ്ടത്) | സംസ്ഥാന വിഹിതം (ഡി ജി ഇ യ്ക്ക് നൽകേണ്ടത്) |
|---|---|---|---|
| 14.00 രൂപ | 8.00 രൂപ | 10.00 രൂപ | 18.00 രൂപ |

മേൽ പറഞ്ഞ പ്രകാരം കുട്ടികളിൽ നിന്നും സ്വരൂപിച്ചു വച്ചിരിക്കുന്ന അത്‌ലറ്റിക് ഫണ്ട് തുകയിൽ ഹൈസ്കൂൾ വിഭാഗത്തിന് 10/- രൂപ (ഒരു കുട്ടിയ്ക്ക്) ക്രമത്തിലും ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിന് സ്കൂൾ തല വിഹിതം 14/- രൂപ കിഴിച്ച് ബാക്കി വരുന്ന 36/- രൂപ (ഒരു കുട്ടിയ്ക്ക്) ക്രമത്തിലും ഓൺലൈനായി **2019 ആഗസ്റ്റ് 31** ന് മുമ്പായി തന്നെ അത്‌ലറ്റിക് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യേണ്ടതാണ്. ടി തുക സമയബന്ധിതമായി നൽകുന്നതിന് സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്. ഓൺലൈൻ ലിങ്ക് ചുവടെ ചേർക്കുന്നു.

**https://www.onlinesbi.com/sbicollect/icollecthome.htm?corpID=922648**

നിലവിൽ സ്കൂൾ പ്രഥമാദ്ധ്യാപകർ തുക ഡി.ഡി.ഇ./ഡി.ഇ.ഒ./എ.ഇ.ഒ. ഓഫീസിൽ നേരിട്ട് നൽകിയിട്ടുണ്ടെങ്കിൽ ഈ തുക ഡി.ഡി.ഇ./ഡി.ഇ.ഒ./എ.ഇ.ഒ. മാർ സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് തിരികെ നൽകി മേൽ പറഞ്ഞ ലിങ്ക് വഴി ഓൺലൈനായി തുക അടയ്ക്കുവാൻ നിർദ്ദേശം നൽകണ്ടതാണ്.

സ്കൂളുകൾക്കും, ആഫീസുകൾക്കും ടി തുക അത്‌ലറ്റിക് ഫണ്ടിലേയ്ക്ക് അടയ്ക്കുന്നതിനുള്ള ഓൺലൈൻ സംവിധാനത്തിന്റെ ലിങ്കും മാർഗ്ഗ നിർദ്ദേശങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ വെബ്ബ്സൈറ്റിലും ലഭ്യമാണ്.

ഓൺലൈൻ സംവിധാനത്തിലൂടെ അല്ലാത്ത ഒരു ഇടപാടുകളിലൂടെയും പണം സ്വീകരിക്കുന്നതല്ല എന്നു കൂടി അറിയിക്കുന്നു. നിശ്ചിത തീയതിയ്ക്കകം എല്ലാ പ്രഥമാദ്ധ്യാപകരും അത്‌ലറ്റിക് ഫണ്ടിനത്തിൽ ശേഖരിച്ച തുക ഓൺലൈൻ മുഖേന ക്രഡിറ്റ് ചെയ്തെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.